മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

254 (260) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാറിലെ മന്ത്രിമാർക്കെതിരെ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന വിജിലൻസ് കേസുകൾ എത്രയായിരുന്നു; ആർക്കെല്ലാം എതിരെ ;ഏതെല്ലാം കേസുകൾ ഉണ്ടായിരുന്നു ;

(ബി) മന്ത്രിമാർക്കെതിരെ എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ടായിരുന്നു; ആർക്കെല്ലാം എതിരെ ഏതെല്ലാം കേസുകൾ എന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിമാർ ആയിരിക്കെ, . അവർക്കെതിരെ ഏതെല്ലാം കേസുകളിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ട്; ഉണ്ടായിരുന്ന ഏതെല്ലാം കേസുകൾ പിൻവലിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി; എത്ര ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു ?

ഉത്തരം

(എ) ഈ സർക്കാരിലെ മന്ത്രിമാർക്കെതിരെ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന വിജിലൻസ് കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ശ്രീ. എം. കെ. മുനീറിനെതിരെ 9 കേസ്സുകൾ ഉണ്ടായിരുന്നു.

1. വി.സി.5/08/എൻ.ആർ.കെ.
2. വി.സി.6/08/എൻ.ആർ.കെ.
3. വി.സി.7/08/എൻ.ആർ.കെ.
4. വി.സി.8/08/എൻ.ആർ.കെ.
5. വി.സി.9/08/എൻ.ആർ.കെ.
6. വി.സി.1/10/എൻ.ആർ.കെ.
7. വി.സി.2/10/എൻ.ആർ.കെ.
8. വി.സി.3/10/എൻ.ആർ.കെ.
9. വി.സി.1/09/എസ്.ഐ.യു.-1

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. അടൂർ പ്രകാശ്

1. വി.സി.2/08/എൻ.ആർ.കെ.

3. ശ്രീ. സി.എൻ. ബാലകൃഷ്ണൻ

1. വി.സി.7/10/റ്റി.എസ്.ആർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ മന്ത്രിമാർക്കെതിരെ 12 ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടായിരുന്നു. കേസ്സുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രീ. പി. ജെ. ജോസഫ്

1. വി.സി.5/12/ഇ.ആർ.കെ.

2. വി.സി.6/12/ഇ.ആർ.കെ.

3. വി.സി.7/13/റ്റി.എസ്.ആർ.

2. ശ്രീ. കെ.എം. മാണി

വി.സി.6/14/എസ്. ഐ.യു. -1

ശ്രീ. മുനീറിനെതിരെ 8 കേസ്സുകളും മേൽ നടപടികൾ ആവശ്യമില്ലായെന്ന ശിപാർശ കോടതി അംഗീകരിച്ച് അവസാനിപ്പിച്ചിട്ടുണ്ട്. വി.സി.1/09/എസ്. ഐ.യു.-1 എന്ന കേസ്സിൽ ഒരു സി.എം.പി. നിലവിലുണ്ട്. ശ്രീ. സി.എൻ. ബാലകൃഷ്ണന്റെ പേരിലുള്ള കേസ് തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് അവസാനിപ്പിച്ചു. മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന 9 ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്.

പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്

255 (261) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് -1958 നിയമ പ്രകാരമുള്ള പരിരക്ഷ നിലവിൽ സംസ്ഥാനത്ത് എത്രപേർക്ക് ലഭിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ആക്ടിന്റെ പരിരക്ഷ സംസ്ഥാനത്ത് കാര്യമായി പ്രയോജനപ്പെടുത്താത്ത സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആദ്യമായി കുറ്റം ചെയ്യുന്നവരെ നിരീക്ഷിക്കുന്നതിനും ജയിലുകളിലേയ്ക്കയക്കുന്നത് ഒഴിവാക്കുന്നതിനുമായി ഈ നിയമം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) നിയമത്തിന്റെ വകുപ്പുകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly